# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 നവംബർ 19, ചൊവ്വ

**നമ്പർ 198**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്ന് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള ധനപ്രതിസന്ധിയും ട്രഷറി നിയന്ത്രണവും മൂലം വികസന പദ്ധതികൾ സ്തംഭിക്കാനിടയായതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വി. ഡി. സതീശനും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ധനകാര്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) കൊച്ചി കേന്ദ്രമാക്കി ടൂറിസം വികസനത്തിന് നൂതനപദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. ജെ. മാക്സി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധിച്ച നടപടി, റീസൈക്ലിംഗിന്റെ സാധ്യതകൾ പരിഗണിച്ച് പരിശോധിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. കെ. അബ്ദു റബ്ബ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1466/2019(i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 2 | ശ്രീമതി യു. പ്രതിഭ | കായംകുളം താലൂക്ക് രൂപീകരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ഡോ. എൻ. ജയരാജ് | കറുകച്ചാൽ,നെടുങ്കുന്നം, കങ്ങഴ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. കെ. ശശി | ഭാരതപ്പുഴക്ക് കുറുകെ ഉരുക്ക് തടയണ നിർമ്മിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. മുഹമ്മദ് മുഹസിൻ പി. | പട്ടാമ്പിയിലെ തടയണകളുടെ നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. വി. പി. സജീന്ദ്രൻ | കിഫ്ബി മുഖേനയുള്ള മനക്കടവ് -പട്ടിമറ്റം-നെല്ലാട്-പത്താം മൈൽ റോഡ് നവീകരണം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ബാബു | നെന്മാറയിൽ പട്ടികജാതി വകുപ്പിന് കീഴിൽ കാർഷിക കോളേജ് അനുവദിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. പി. ടി. എ. റഹീം | ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക സമുച്ചയം, അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ എന്നിവയുടെ നിർമ്മാണം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ. മഞ്ഞളാംകുഴി അലി | സ്വകാര്യ ആശുപത്രികളിലെ ഐ.സി.യു.-വിലും സി.സി.യു.-വിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 10 | ശ്രീ. അൻവർ സാദത്ത് | ആലുവ ഇ.എസ്.ഐ. ആശുപത്രി | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>ഗവൺമെന്റ് പ്രമേയം ചട്ടം 118</u> :

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി ചട്ടം 118 പ്രകാരം താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു:

രാജ്യത്തെ തന്ത്രപ്രധാന മേഖലകളിലെല്ലാം യാതൊരു തത്വദീക്ഷയുമില്ലാതെ സ്വകാര്യവൽക്കരണനയങ്ങൾ കേന്ദ്രസർക്കാർ അടിച്ചേൽപ്പിക്കുകയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് കൂടി കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരണം വ്യാപിപ്പിക്കുകയാണ്.

രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും (ബി.പി.സി.എൽ.) സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിലുണ്ട്.

കഴിഞ്ഞ അരനൂറ്റാണ്ട് കാലമായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന ബി.പി.സി.എൽ.-ൽ 53.29 ശതമാനം ഓഹരികൾ കേന്ദ്ര സർക്കാരിന്റേതാണ്. അത് പൂർണ്ണമായും വിറ്റഴിക്കുന്നത് സ്വകാര്യ കുത്തക കമ്പനികൾക്ക് വൻ നേട്ടമുണ്ടാക്കാൻ അവസരമൊരുക്കും. ഭീമമായ തുക നികുതി ഇനത്തിൽ സർക്കാരിന് നൽകുന്ന സ്ഥാപനം ഫലത്തിൽ ഇല്ലാതാകും.

മുപ്പതിനായിരത്തോളം സ്ഥിരം/കരാർ ജീവനക്കാരുടെ തൊഴിൽ സ്ഥിരതയെ ഈ നീക്കം ദോഷകരമായി ബാധിക്കും. സ്വകാര്യവൽക്കരണം കാരണം കോടിക്കണക്കിന് വരുന്ന പാചകവാതക ഉപയോക്താക്കൾക്ക് നിലവിൽ ലഭിച്ചുവരുന്ന സബ്സിഡി നഷ്ടമാവുകയും ചെയ്യും. രാജ്യത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിൽ മർമ്മപ്രധാനമായ പങ്ക് വഹിക്കുന്ന പൊതുമേഖലാ എണ്ണക്കമ്പനിയുടെ സ്വകാര്യവൽക്കരണം രാജ്യസുരക്ഷയെതന്നെ ബാധിക്കുന്നതാണ്.

ബി.പി.സി.എൽ.-ന്റെ ഭാഗമായ കൊച്ചി റിഫൈനറി സ്ഥാപിച്ചത് കേരള സർക്കാർ കൂടി മുൻകൈ എടുത്താണ്. റിഫൈനറി ബി.പി.സി.എൽ. ഏറ്റെടുത്തപ്പോൾ സംസ്ഥാനത്തിന്റെ ഓഹരി നിലനിർത്തുകയും ബോർഡിൽ ഒരു ഡയറക്ടറെ ഉൾപ്പെടുത്തുകയും ചെയ്തു. സ്ഥാപനത്തിന്റെ വളർച്ചയിൽ സംസ്ഥാന സർക്കാർ സാമ്പത്തികവും സാമ്പത്തികേതരവുമായ പിന്തുണ നൽകിയിട്ടുണ്ട്. ഈ നിലയിൽ 1500 കോടി രൂപയാണ് കേരളം ഈ പൊതുമേഖലാ കമ്പനിക്ക് വായ്പയായി നൽകാൻ നിശ്ചയിച്ചത്.

25,000 കോടി രൂപ മുതൽമുടക്കിൽ കൊച്ചിയിൽ വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരികയാണ്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് ലഭ്യമാകേണ്ടത്. സ്വകാര്യവൽക്കരണനീക്കം പദ്ധതിയെ അനിശ്ചിതത്വത്തിലാക്കും.

ഈ സാഹചര്യത്തിൽ ദേശീയ താത്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താത്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തേണ്ടതുണ്ട്. എണ്ണ സംസ്കരണ-വിൽപ്പന പോലുള്ള തന്ത്രപ്രധാനമായ മേഖലയിൽ സ്വകാര്യ കുത്തകകൾക്ക് അധീശത്വം സ്ഥാപിക്കാൻ വഴിയൊരുക്കുന്ന ഓഹരി വിറ്റഴിക്കൽ നടപടിയിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തരമായി പിൻമാറണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ശ്രീ. മോൻസ് ജോസഫ് സമിതിയുടെ മൂന്നുമുതൽ അഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

<u>നിയമനിർമ്മാണകാര്യം</u> :

I. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. പി. ഉബൈദുള്ള, ശ്രീ. ടി. ജെ. വിനോദ് എന്നിവർ സംസാരിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ടി. വി. ഇബ്രാഹിമും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. വി. അൻവറും അവതരിപ്പിച്ച് സംസാരിച്ചു.

മന്ത്രിയുടെ മറുപടിക്ക് ശേഷം 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭ തള്ളുകയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. അതിനുശേഷം ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു:

<u>രണ്ടാം വകുപ്പ്</u>

1. ഖണ്ഡം 2 (ജെ)-ൽ "എന്നതിൽ" എന്നതിനു പകരം "എന്നാൽ" എന്ന് ചേർക്കുക.

2. ഖണ്ഡം 2 (ജെ)-ൽ "കേരള എഡ്യൂക്കേഷൻ റൂളിന്റെ" എന്നീ വാക്കുകൾക്ക് പകരം "1959-ലെ കേരള വിദ്യാഭ്യാസ ചട്ടത്തിന്റെ" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

3. ഖണ്ഡം 2(എൻ)-ൽ "ആവിഷ്കരിക്കുന്ന" എന്നതിനു പകരം "ആവിഷ്കരിച്ചിട്ടുള്ള" എന്ന് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

1. "3 -ാം വകുപ്പ് (5) -ാം ഉപവകുപ്പ്" എന്നത് നീക്കം ചെയ്യുക.

2. ഖണ്ഡം 3(5)(എഫ്)-ൽ, " അഞ്ചു" എന്ന വാക്കിനു പകരം " അഞ്ച്" എന്ന വാക്ക് ചേർക്കുക.

3. (ii)"നൽകുന്നതിന്" എന്ന വാക്കിനു പകരം "ലഭിക്കുന്നതിന്" എന്ന വാക്ക് ചേർക്കുക.

## നാലാം വകുപ്പ്

ഖണ്ഡം 4-ൽ "പ്രവർത്തനത്തിന്" എന്നതിനുപകരം "പ്രവർത്തനത്തിനും" എന്ന് ചേർക്കുക.

## ആറാം വകുപ്പ്

1. ഖണ്ഡം 6 (1)-ൽ " (കെ)" എന്നതിന് പകരം "(ജെ)" എന്ന് ചേർക്കുക.

2. ഖണ്ഡം 6 (1)-ൽ " ഇരുപത് "എന്നതിന് പകരം "പതിനെട്ട്" എന്ന് ചേർക്കുക.

## ഏഴാം വകുപ്പ്

ഖണ്ഡം 7(1)-ൽ, "പദ്ധതിപ്രകാരം" എന്ന വാക്കിനു പകരം "പദ്ധതി പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

## പതിമൂന്നാം വകുപ്പ്

ഖണ്ഡം 13(1) (സി)-ൽ "ഹാജരാകാതിരിക്കുകയാണെങ്കിൽ" എന്നതിന് ശേഷമുള്ള "കൂടാതെ" എന്നതിന് പകരം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

## പതിനഞ്ചാം വകുപ്പ്

ഖണ്ഡം 15(3)-ൽ "ആഫീസറോ" എന്ന വാക്കിനു പകരം "ഓഫീസറോ" എന്ന വാക്ക് ചേർക്കുക.

## ഇരുപത്തിമൂന്നാം വകുപ്പ്

ഖണ്ഡം 23(1)-ൽ "ആഫീസർ" എന്ന വാക്കിനു പകരം "ഓഫീസർ" എന്ന വാക്ക് ചേർക്കുക.

## ഇരുപത്തിനാലാം വകുപ്പ്

ഖണ്ഡം 24-ൽ "ആഫീസറോ" എന്ന വാക്കിനു പകരം "ഓഫീസറോ" എന്ന വാക്ക് ചേർക്കുക.

## പട്ടിക

പട്ടികയിൽ, ക്രമ നമ്പർ 5-ൽ "ആഫീസറുടെ" എന്ന വാക്കിനു പകരം " ഓഫീസറുടെ " എന്ന വാക്ക് ചേർക്കുക.

II. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി)ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. ടി. എ. റഹീമും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. മുല്ലക്കര രത്നാകരനും അവതരിപ്പിച്ചു സംസാരിച്ചു.

മന്ത്രിയുടെ മറുപടിക്കുശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതി കളൊന്നുമില്ലാതെ പാസ്സാക്കുകയും ചെയ്തു.

2019 നവംബർ 20-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 3.16-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*

**FOURTEENTH KERALA LEGISLATIVE ASSEMBLY**

Sixteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, November 19, 2019*

**No. 198**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion :*

After hearing the Minister for Finance the Speaker withheld consent to the moving of an Adjournment motion given notice of by Shri V. D. Satheesan and three other Members regarding the serious situation reported to have arisen consequent on the stagnation of development plans in the State due the financial crisis and Treasury Sanction.

(In protest against the attitude of the Government in this matter the Members belonging to the opposition staged a walkout.)

*Calling Attention :*

1. Shri K. J. Maxy called the attention of the Minister for Co-operation, Tourism and Devaswoms to the necessity to envisage innovative tourism development projects focusing on Kochi. The Minister made a statement thereto.

2. Shri P. K. Abdu Rabb called the attention of the Minister for Local Self Governments to the necessity to review the ban of flex boards in the State considering the possibilities of recycling. The Minister made a statement thereto.

KNPP. 1466/2019(ii).

*The Matters under Rule 304 :*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 2 | ശ്രീമതി യു. പ്രതിഭ | കായംകുളം താലൂക്ക് രൂപീകരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ഡോ. എൻ. ജയരാജ് | കറുകച്ചാൽ,നെടുങ്കുന്നം, കങ്ങഴ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. കെ. ശശി | ഭാരതപ്പുഴക്ക് കുറുകെ ഉരുക്ക് തടയണ നിർമ്മിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. മുഹമ്മദ് മുഹസിൻ പി. | പട്ടാമ്പിയിലെ തടയണകളുടെ നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. വി. പി. സജീന്ദ്രൻ | കിഫ്ബി മുഖേനയുള്ള മനക്കടവ് -പട്ടിമറ്റം- നെല്ലാട്-പത്താം മൈൽ റോഡ് നവീകരണം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ബാബു | നെന്മാറയിൽ പട്ടികജാതി വകുപ്പിന് കീഴിൽ കാർഷിക കോളേജ് അനുവദിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. പി. ടി. എ. റഹീം | ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക സമുച്ചയം, അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ എന്നിവയുടെ നിർമ്മാണം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ. മഞ്ഞളാംകുഴി അലി | സ്വകാര്യ ആശുപത്രികളിലെ ഐ.സി.യു.-വിലും സി.സി.യു.-വിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 10 | ശ്രീ. അൻവർ സാദത്ത് | ആലുവ ഇ.എസ്.ഐ. ആശുപത്രി | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Government Resolution (Rule 118) :*

As authorised by Chief Minister Shri Pinarayi Vijayan, Shri E. P. Jayarajan, Minister for Industries, Sports and Youth Affairs moved a resolution under rule 118 as given below:

രാജ്യത്തെ തന്ത്രപ്രധാന മേഖലകളിലെല്ലാം യാതൊരു തത്വദീക്ഷയുമില്ലാതെ സ്വകാര്യവൽക്കരണനയങ്ങൾ കേന്ദ്രസർക്കാർ അടിച്ചേൽപ്പിക്കുകയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് കൂടി കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരണം വ്യാപിപ്പിക്കുകയാണ്.

രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും (ബി.പി.സി.എൽ.) സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിലുണ്ട്.

കഴിഞ്ഞ അരനൂറ്റാണ്ട് കാലമായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന ബി.പി.സി.എൽ-ൽ 53.29 ശതമാനം ഓഹരികൾ കേന്ദ്ര സർക്കാരിന്റേതാണ്. അത് പൂർണ്ണമായും വിറ്റഴിക്കുന്നത് സ്വകാര്യ കുത്തക കമ്പനികൾക്ക് വൻ നേട്ടമുണ്ടാക്കാൻ അവസരമൊരുക്കും. ഭീമമായ തുക നികുതി ഇനത്തിൽ സർക്കാരിന് നൽകുന്ന സ്ഥാപനം ഫലത്തിൽ ഇല്ലാതാകും.

മുപ്പതിനായിരത്തോളം സ്ഥിരം/കരാർ ജീവനക്കാരുടെ തൊഴിൽ സ്ഥിരതയെ ഈ നീക്കം ദോഷകരമായി ബാധിക്കും. സ്വകാര്യവൽക്കരണം കാരണം കോടിക്കണക്കിന് വരുന്ന പാചകവാതക ഉപയോക്താക്കൾക്ക് നിലവിൽ ലഭിച്ചുവരുന്ന സബ്സിഡി നഷ്ടമാവുകയും ചെയ്യും. രാജ്യത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിൽ മർമ്മപ്രധാനമായ പങ്ക് വഹിക്കുന്ന പൊതുമേഖലാ എണ്ണക്കമ്പനിയുടെ സ്വകാര്യവൽക്കരണം രാജ്യസുരക്ഷയെതന്നെ ബാധിക്കുന്നതാണ്.

ബി.പി.സി.എൽ.-ന്റെ ഭാഗമായ കൊച്ചി റിഫൈനറി സ്ഥാപിച്ചത് കേരള സർക്കാർ കൂടി മുൻകൈ എടുത്താണ്. റിഫൈനറി ബി.പി.സി.എൽ. ഏറ്റെടുത്തപ്പോൾ സംസ്ഥാനത്തിന്റെ ഓഹരി നിലനിർത്തുകയും ബോർഡിൽ ഒരു ഡയറക്ടറെ ഉൾപ്പെടുത്തുകയും ചെയ്തു. സ്ഥാപനത്തിന്റെ വളർച്ചയിൽ സംസ്ഥാന സർക്കാർ സാമ്പത്തികവും സാമ്പത്തികേതരവുമായ പിന്തുണ നൽകിയിട്ടുണ്ട്. ഈ നിലയിൽ 1500 കോടി രൂപയാണ് കേരളം ഈ പൊതുമേഖലാ കമ്പനിക്ക് വായ്പയായി നൽകാൻ നിശ്ചയിച്ചത്.

25,000 കോടി രൂപ മുതൽമുടക്കിൽ കൊച്ചിയിൽ വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരികയാണ്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് ലഭ്യമാകേണ്ടത്. സ്വകാര്യവൽക്കരണനീക്കം പദ്ധതിയെ അനിശ്ചിതത്വത്തിലാക്കും.

ഈ സാഹചര്യത്തിൽ ദേശീയ താത്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താത്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തേണ്ടതുണ്ട്. എണ്ണ സംസ്കരണ-വിൽപ്പന പോലുള്ള തന്ത്രപ്രധാനമായ മേഖലയിൽ സ്വകാര്യ കുത്തകകൾക്ക് അധീശത്വം സ്ഥാപിക്കാൻ വഴിയൊരുക്കുന്ന ഓഹരി വിറ്റഴിക്കൽ നടപടിയിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തരമായി പിൻമാറണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

*Presentation of Reports:*

Shri Mons Joseph, Chairman, Committee on Papers Laid on the Table presented the Third to Fifth Reports of the Committee.

*Legislative Business :*

I. DR. K. T. Jaleel, Minister for Higher Education and Minority Welfare, Hajj and Wakf moved the motion that The Kerala Madrasa Teachers' Welfare Fund Bill, 2019 as reported by the Subject Committee be taken up for consideration.

Shri Manjalamkuzhi Ali, Shri P. Ubaidulla and Shri T. J. Vinod who recorded their notes of dissent to the Subject Committee Report spoke. Shri T. V. Ibrahim moved an amendment to circulate the Bill for obtaining public opinion and Shri P. V. Anvar as moved another amendment to recommit the Bill to the same Subject Committee and spoke.

After the reply of the Minister for Higher Education and Minority Welfare, Hajj and Wakf, the amendment moved to circulate the Bill for obtaining public opinion was declared lost and the amendment moved to recommit the Bill to the same Subject Committee was withdrawn by the leave of the House. Then the motion was adopted and the Bill was taken up for clause by clause consideration and passed with the following amendments:

<u>രണ്ടാം വകുപ്പ്</u>

1. ഖണ്ഡം 2 (ജെ)-ൽ "എന്നതിൽ" എന്നതിനു പകരം "എന്നാൽ" എന്ന് ചേർക്കുക.

2. ഖണ്ഡം 2 (ജെ)-ൽ "കേരള എഡ്യൂക്കേഷൻ റൂളിന്റെ" എന്നീ വാക്കുകൾക്ക് പകരം "1959-ലെ കേരള വിദ്യാഭ്യാസ ചട്ടത്തിന്റെ" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

3. ഖണ്ഡം 2(എൻ)-ൽ "ആവിഷ്കരിക്കുന്ന" എന്നതിനു പകരം "ആവിഷ്കരിച്ചിട്ടുള്ള" എന്ന് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

1. "3 -ാം വകുപ്പ് (5) -ാം ഉപവകുപ്പ്" എന്നത് നീക്കം ചെയ്യുക.

2. ഖണ്ഡം 3(5)(എഫ്)-ൽ, " അഞ്ചു" എന്ന വ്യാക്കിനു പകരം " അഞ്ച്" എന്ന വാക്ക് ചേർക്കുക.

3. (ii)"നൽകുന്നതിന്" എന്ന വാക്കിനു പകരം "ലഭിക്കുന്നതിന്" എന്ന വാക്ക് ചേർക്കുക.

<u>നാലാം വകുപ്പ്</u>

ഖണ്ഡം 4-ൽ "പ്രവർത്തനത്തിന്" എന്നതിനുപകരം "പ്രവർത്തനത്തിനും" എന്ന് ചേർക്കുക.

<u>ആറാം വകുപ്പ്</u>

1. ഖണ്ഡം 6 (1)-ൽ " (കെ)" എന്നതിന് പകരം "(ജെ)" എന്ന് ചേർക്കുക.

2. ഖണ്ഡം 6 (1)-ൽ " ഇരുപത് " എന്നതിന് പകരം "പതിനെട്ട് " എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

ഖണ്ഡം 7(1)-ൽ, "പദ്ധതിപ്രകാരം" എന്ന വാക്കിനു പകരം "പദ്ധതി പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

<u>പതിമൂന്നാം വകുപ്പ്</u>

ഖണ്ഡം 13(1) (സി)-ൽ "ഹാജരാകാതിരിക്കുകയാണെങ്കിൽ" എന്നതിന് ശേഷമുള്ള "കൂടാതെ" എന്നതിന് പകരം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

<u>പതിനഞ്ചാം വകുപ്പ്</u>

ഖണ്ഡം 15(3)-ൽ "ആഫീസറോ" എന്ന വാക്കിനു പകരം "ഓഫീസറോ" എന്ന വാക്ക് ചേർക്കുക.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

ഖണ്ഡം 23(1)-ൽ "ആഫീസർ" എന്ന വാക്കിനു പകരം "ഓഫീസർ" എന്ന വാക്ക് ചേർക്കുക.

<u>ഇരുപത്തിനാലാം വകുപ്പ്</u>

ഖണ്ഡം 24-ൽ "ആഫീസറോ" എന്ന വാക്കിനു പകരം "ഓഫീസറോ" എന്ന വാക്ക് ചേർക്കുക.

<u>പട്ടിക</u>

പട്ടികയിൽ, ക്രമ നമ്പർ 5-ൽ "ആഫീസറുടെ" എന്ന വാക്കിനു പകരം " ഓഫീസറുടെ " എന്ന വാക്ക് ചേർക്കുക.

II. Shri E. Chandrasekharan, Minister for Revenue and Housing moved the motion that The Kerala Farmers' Debt Relief Commission (Amendment) Bill, 2019 as reported by the Subject Committee be taken up for consideration.

Shri P. T. A. Rahim moved an amendment to circulate the Bill for obtaining public opinion and Shri Mullakkara Retnakaran moved another amendment to recommit the Bill to the same Subject Committee and spoke.

After the reply of the Minister for Revenue and Housing the amendments moved were withdrawn by the leave of the House. Then the motion was adopted and the Bill was taken up for clause by clause consideration and passed without amendments.

The House adjourned at 3.16 p.m. to meet again at 9.00 a.m. on Wednesday, November 20, 2019.

S. V. UNNIKRISHNAN NAIR,
*Secretary.*